LIBRARY ARCHIVES Kerala Legislative Assembly

## സാഗർമാലാ പദ്ധതിയിലുൾപ്പെടുത്തുന്ന തുറമുഖങ്ങൾ

368 (978) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാഗർമാലാ പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതിനായി ഏതൊക്കെ തുറമുഖങ്ങളാണ് കേന്ദ്ര സർക്കാരിലേയ്ക്ക് നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

അഴീക്കൽ, കൊല്ലം തുറമുഖങ്ങളുടെ വികസനമാണ് സാഗർമാലാ പദ്ധതിയിലുൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിലേക്ക് നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത നിർദ്ദേശത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉണ്ട്. കൊല്ലം തുറമുഖത്തെ മൾട്ടി പർപ്പസ് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം പൂർത്തിയാക്കി 27-10-2020-ൽ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരികയാണ്.

## ജലമാർഗ്ഗേന ചരക്കുഗതാഗതം

369 (979) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റോഡ് മുഖാന്തരമുള്ള ചരക്കുഗതാഗതത്തേക്കാൾ ലാഭകരമായ ജലമാർഗ്ഗേനയുള്ള ചരക്കുഗതാഗതത്തിന് വേണ്ടത്ര പ്രാധാന്യം നൽകാത്തതിന്റെ കാരണം അറിയിക്കുമോ; ജലമാർഗ്ഗത്തിലൂടെയുള്ള ചരക്ക് ഗതാഗതം കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

റോഡ് മുഖാന്തരമുള്ള ചരക്ക് ഗതാഗതത്തേക്കാൾ ലാഭകരമായ ജലമാർഗ്ഗേനയുള്ള ചരക്ക് ഗതാഗതത്തിന് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായാണ് തീരദേശ കപ്പൽ ചരക്ക് ഗതാഗത പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ജലമാർഗ്ഗത്തിലൂടെയുള്ള ചരക്ക് ഗതാഗതം കാര്യക്ഷമമായി നടത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. അഴീക്കൽ, ബേപ്പൂർ, കൊല്ലം തുടങ്ങിയ പ്രധാന ചെറുകിട തുറമുഖങ്ങളിൽ കണ്ടെയ്നർ സർവ്വീസ് നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്.

2. കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കപ്പൽ ഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. ഈ സർവ്വീസ് കൊല്ലം തുറമുഖത്തേക്ക് നീട്ടുന്നതിനായുള്ള നടപടി പുരോഗമിച്ചുവരുന്നു.

3. തൂത്തുക്കുടി തുറമുഖവുമായി ബന്ധപ്പെടുത്തി ചരക്കുഗതാഗതം ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

4. കൊല്ലം തുറമുഖത്ത് തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുന്നതിന്റെ ഭാഗമായി KMML, FCI, Cashew Board, Tiles & Sanitaryware Dealers Association ഭാരവാഹികൾ, വിവിധ ഷിപ്പിംഗ് കമ്പനികൾ തുടങ്ങിയവരുമായി ഉന്നതതല ചർച്ച നടന്നുവരുന്നു.

5. തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി കപ്പൽ ഉടമകൾക്ക് അവർ കൈകാര്യം ചെയ്യുന്ന കാർഗോ, പാസഞ്ചർ എന്നിവ പരിഗണിച്ച് ഇൻസെന്റീവ് നൽകിവരുന്നു.

**പയ്യന്നൂരിലെ ഗാന്ധി സ്മൃതി മ്യൂസിയം**

370 (980) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിലെ ഗാന്ധിസ്മൃതി മ്യൂസിയത്തിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

&

(സി) ഇല്ലെങ്കിൽ ഡി.പി.ആർ. തയ്യാറാക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

(എ-സി) സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരള മ്യൂസിയം) പയ്യന്നൂരിലെ ഗാന്ധിസ്മൃതി മ്യൂസിയത്തിന്റെ രണ്ടാംഘട്ട വികസന പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.